# Desabhimani
# 21 August 2015
# Chengannur; 50000 Was Saved

## ചെങ്ങന്നൂരിൽ രക്ഷിച്ചത് അരലക്ഷം പേരെ

**ചെങ്ങന്നൂർ**

ചെങ്ങന്നൂരിൽ രക്ഷപ്പെടുത്തിയത് അരലക്ഷം പേരെ. തിങ്കളാഴ്ച വൈകിട്ടോടെ രക്ഷാദൗത്യം പൂർണമായി. കേരളം കണ്ട ഏറ്റവും വലിയ രക്ഷാപ്രവർത്തനമാണ് ചെങ്ങന്നൂർ കേന്ദ്രീകരിച്ച് നടന്നത്. രണ്ട് ലക്ഷം പേരെ ഇവിടെമാത്രം പ്രളയം നേരിട്ട് ബാധിച്ചു. പാണ്ടനാട്, തിരുവൻവണ്ടൂർ, ബുധനൂർ, മാന്നാർ പഞ്ചായത്തുകൾ പൂർണമായും നഗരസഭ, വെൺമണി, ചെറിയനാട് പഞ്ചായത്തുകൾ ഭാഗികമായും മുങ്ങി. 500 കോടി രൂപയിലേറെ നഷ്ടമെന്നാണ് പ്രാഥമികനിഗമനം. സർവതും നഷ്ടപ്പെട്ട ഒരു ലക്ഷത്തിലേറെയാളുകൾ 132 ദുരിതാശ്വാസ കേന്ദ്രങ്ങളിലും വെള്ളം കയറാത്ത ആയിരത്തിലേറെ വീടുകളിലുമായി കഴിയുകയാണ്. കര നാവിക സേനകളും 193 ബോട്ടുകളിലെത്തിയ 1200 മത്സ്യത്തൊഴിലാളികളും എൻഡിആർഫ്, സിഐഎസ്എഫ്, പൊലീസ്, ഫയർഫോഴ്സ്, കോസ്റ്റ്ഗാർഡ്, റവന്യൂ, വനം ഉദ്യോഗസ്ഥരാണ് അഞ്ചുനാൾ നീണ്ട വിശ്രമരഹിതദൗത്യത്തിൽ മുഴുകിയത്. സങ്കടക്കടലിൽനിന്ന് രക്ഷാതീരമണഞ്ഞ ജനങ്ങളെ സഹായിക്കാൻ വാഹനങ്ങളിൽ ഭക്ഷണവും വെള്ളവും വസ്ത്രങ്ങളുമായി കേരളത്തിന്റെ നാനാഭാഗത്തുനിന്നും എണ്ണമില്ലാത്ത വാഹനങ്ങളാണ് എത്തിക്കൊണ്ടിരിക്കുന്നത്.

